**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2490** **24-06-2024 - ൽ മറുപടിയ്ക്ക്**

**കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ സാമ്പത്തിക സഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |

(എ) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് വ്യാവസായിക മേഖലയിൽ സാമ്പത്തിക സഹായം നൽകുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 2021, 2022, 2023 വർഷ കാലയളവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഈ മേഖലയിൽ മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ എത്ര വളർച്ച ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ) എസ് എഫ് സി ആക്ട് 1951 പ്രകാരം 1953-ൽ രൂപീകൃതമായ ധനകാര്യ സ്ഥാപനമാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ. 2021, 2022, 2023,2024 വർഷങ്ങളിൽ സൂക്ഷ്മ, ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് അനുവദിച്ചതും വിതരണം ചെയ്തതുമായ വായ്പകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| | FY 2020-21 (a) | FY 2021-22 (b) | വളർച്ച(%) (a to b) | FY 2022-23 (c) | വളർച്ച)%) (b to c) | FY 2023-24 (d) | വളർച്ച (%) (c to d) |
|---|---|---|---|---|---|---|---|
| Loan Sanctioned | 4146.48 | 2876.78 | -30.6% | 3207.22 | 11.48% | 3336.66 | 04.04% |
| Loan Disbursed | 3709.21 | 2175.20 | -41.3% | 3555.94 | 63.47% | 4068.85 | 14.42% |

സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭകർക്ക് വ്യാവസായിക മേഖലയിൽ സാമ്പത്തിക സഹായം നൽകുന്നതിന് താഴെ പറയുന്ന പദ്ധതികൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

1.കെ.എഫ്.സി മുഖേന ഉൽപാദന സേവന മേഖലകളിൽ ജനങ്ങൾക്ക് കുറഞ്ഞപലിശയ്ക്ക് കൂടുതൽ ലോണുകൾ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതി (CMEDP) എന്ന പേരിൽ ഒരു പദ്ധതി നിലവിൽ ഉണ്ട്. CMEDP-I സ്കീം പ്രകാരം 1847 യൂണിറ്റുകൾക്കായി 53.80 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. ടി സ്കീമിന്റെ വായ്പ പരിധി ഒരു കോടി രൂപയിൽ നിന്നും രണ്ട് കോടി രൂപയായി വർദ്ധിപ്പിച്ച് CMEDP-II സ്കീമായി നവീകരിച്ചു. ടി സ്കീം പ്രകാരം 2756 യൂണിറ്റുകൾക്കായി 791.62 കോടി രൂപയും വായ്പയായി അനുവദിച്ചിട്ടുണ്ട്. ഇതുവരെ ഈ പദ്ധതിയിലൂടെ പ്രത്യക്ഷമായും പരോക്ഷമായും 37575 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

2.കാർഷികാധിഷ്ഠിതവ്യവസായങ്ങളെയും അഗ്രി സ്റ്റാർട്ടപ്പുകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എഫ്.സി ആരംഭിച്ച സ്കീമാണ് കാർഷിക അധിഷ്ഠിത എം.എസ്.എം.ഇ ലോൺ സ്കീം (KAMS) ഈ സ്കീം പ്രകാരം 39 യൂണിറ്റുകൾക്ക് 86.12 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

3.സ്റ്റാർട്ടപ്പുകൾക്കായി കെ.എഫ്.സി പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്കരിച്ചു. ആശയത്തിൽ നിന്നും ഉൽപാദനത്തിലേക്ക് നീങ്ങാൻ 25 ലക്ഷം രൂപയും വാണിജ്യവത്കരണത്തിന് 50 ലക്ഷം രൂപയും, സ്കെയിലിങ്ങ് അപ്പിന് രണ്ട് കോടി രൂപയും നല്കുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് കേരളാ പദ്ധതി. ഇതുകൂടാതെ സ്റ്റാർട്ടപ്പുകൾക്ക് പർച്ചേയ്സ് ഓർഡറുകൾ തീർപ്പാക്കുന്നതിനായി പ്രവർത്തന മൂലധന വായ്പ (10 കോടി രൂപ വരെ), വെഞ്ചർ ഡെബ്റ്റ് വായ്പ (10 കോടി രൂപ വരെ) എന്നിവയും നൽകുന്നുണ്ട്. ടി സ്കീം പ്രകാരം 66 യൂണിറ്റുകൾക്കായി 70.28 കോടി രൂപയും വായ്പയായി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ 460 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | 4.കോവിഡ് മഹാമാരി മൂലം പ്രതിസന്ധിയിലായ സൂക്ഷ്മ, ചെറുകിട ഇടത്തരം മേഖലകളിലെ സംരംഭകർക്ക് 40 ശതമാനം അധിക വായ്പ (കോവിഡ് റിലീഫ്ലോണുകൾ) കെ.എഫ്.സി അനുവദിച്ചു. 452 യൂണിറ്റുകൾക്കായി 27025.45 ലക്ഷം രൂപ ഇത്തരത്തിൽ അനുവദിച്ചിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത് 2021 മാർച്ച് 31 വരെ തിരിച്ചടവ് കൃത്യമായിരുന്ന ചെറുകിട സംരംഭകരുടെ വായ്പകൾക്ക് ഒരു വർഷത്തെ മോറട്ടോറിയം അനുവദിക്കുകയും വായ്പ പുനഃക്രമീകരിച്ചു നൽകുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ